പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :3496

08.11.2019-ൽ
മറുപടിയ്ക്ക്

## കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി. കോളേജിന്റെ പുതിയ ബ്ലോക്ക്

*ചോദ്യം*
ശ്രീമതി.പി. അയിഷാ പോറ്റി

*ഉത്തരം*
ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ്
ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിനായി നിർമ്മിച്ച പുതിയ ബ്ലോക്ക് ഉപയോഗിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച ഇരുനില കെട്ടിടത്തിന്റെ താഴത്തെ നിലയുടെ വൈദ്യുതീകരണ പ്രവർത്തികൾ മാത്രമാണ് പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കിയത്. മുകളിലത്തെ നിലയുടെ വൈദ്യുതീകരണ പ്രവർത്തികൾക്ക് തുക വകയിരുത്തിയിരുന്നില്ല എന്ന് ഐ.എച്ച്.ആർ.ഡി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെട്ടിടത്തിന്റെ താഴത്തെ നിലയിലാണ് കോളേജിന്റെ ലബോറട്ടറികളും മറ്റും ഇപ്പോൾ പ്രവർത്തിച്ചു വരുന്നത്. മുകളിലത്തെ നില ഭാഗികമായി ASAP ന്റെ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തി വരുന്നു. |
| (ബി) | ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത ബ്ലോക്കിന്റെ പ്രവർത്തനത്തിന് ഇനിയും എന്തെങ്കിലും പ്രവൃത്തികൾ | (സി) | കെട്ടിടം പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിന് മുകളിലത്തെ |

| | | | |
|---|---|---|---|
| | പൂർത്തീകരിക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ആയതിനുവേണ്ടി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | | നിലയുടെ വൈദ്യുതീകരണ പ്രവർത്തികൾ കൂടി പൂർത്തീകരിക്കേണ്ടതുണ്ട്. ടി പ്രവർത്തികൾക്ക് വേണ്ടി പൊതുമരാമത്ത് വകുപ്പിൽ ഐ.എച്ച്.ആർ.ഡി ഡയറക്ടർ സമർപ്പിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 17 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത തുക ഐ.എച്ച്.ആർ.ഡി യുടെ പ്ലാൻ ഫണ്ടിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ